## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2583** **09.05.2017 ൽ മറുപടിയ്ക്ക്**

## കേരളാ ഓർഗാനിക് എന്ന ബ്രാന്റ് നാമത്തിൽ പച്ചക്കറിവിപണനം

| ചോദ്യം<br>ശ്രീ. ഡി. കെ മുരളി | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾ കേരളാ ഓർഗാനിക് എന്ന ബ്രാന്റ് നാമത്തിൽ വിപണനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിശദീകരിക്കുമോ; | ഉണ്ട്.<br>(എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മുൻകൂട്ടി കൃഷി ചെയ്യ ജി എ പി ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച സുരക്ഷിതമായ പച്ചക്കറികൾ ഈ വർഷത്തെ വിഷു, ഈസ്റ്റർ ഉത്സവ നാളുകളിൽ 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിൽപന നടത്തി. സംസ്ഥാനത്തെ എല്ലാ വിഷുക്കണി സ്റ്റാളുകൾ വഴിയും ജൈവപച്ചക്കറികൾ വിൽപന നടത്തിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉല്പന്നങ്ങൾ ഏതെല്ലാം ഔട്ട് ലെറ്റുകളിൽ ലഭ്യമാണെന്ന് വിശദമാക്കുമോ? | ബി) സംസ്ഥാനത്ത് നിലവിലുള്ള 66 ഇക്കോഷോപ്പുകളിലും പ്രസ്തുത ഉൽപന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ